(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുകടവും റവന്യൂ കമ്മിയും

1 [1133] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ പൊതുകടവും റവന്യൂ കമ്മിയും എത്രയാണെന്നു വിശദമാക്കാമോ;

(ബി) പൊതുകടം ഏതെല്ലാം നിലയിലുള്ളതാണെന്ന് ഇനം തിരിച്ചു വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുകടവും റവന്യൂ കമ്മിയും എത്രയായിരുന്നു;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ പൊതു വിപണിയിൽ നിന്നു മാത്രം എത്ര കോടി കടമായി എടുത്തിട്ടുണ്ട്; ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും എത്ര കോടി കട മായി എടുത്തു;

(ഇ) ഈ സർക്കാർ 2001 ഏപ്രിൽ 1 മുതൽ ഇതേവരെ എടുത്ത പൊതു കടത്തിൽ മൂലധന ചെലവുകൾക്ക് വിനിയോഗിച്ചതു മാത്രം എത്ര കോടിയാണ്?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തെ താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 31-3-2004-ലെ പൊതുകടം 36,234 കോടിയും റവന്യൂ കമ്മി (–) 3,771 കോടി രൂപയുമാണ്.

(ബി) 31-3-2004 വരെയുള്ള താൽക്കാലിക കണക്കുകളുടെ അടിസ്ഥാന ത്തിൽ ഇനം തിരിച്ചുള്ള പൊതുക്കടം ഇപ്രകാരമാണ്:

(1) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം .. 16,795.35 കോടി രൂപ.

(2) കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ .. 5,627.95 കോടി രൂപ.

(3) ചെറുകിട നിക്ഷേപങ്ങൾ, പ്രൊവിഡന്റ് ഫണ്ട് മുതലായവ .. 13,810.70 കോടി രൂപ

(സി) 31-3-2001-ലെ പൊതു കടം 23,919 കോടി രൂപയും റവന്യൂ കമ്മി (–) 3,147.06 കോടി രൂപയുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1-4-2001 മുതൽ 31-3-2004 വരെ പൊതു വിപണിയിൽ നിന്നും കടം എടുത്തത് 4,133.98 കോടി രൂപയും, ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ കടമായി ലഭിച്ചത് 3,244.83 കോടി രൂപയുമാണ്. (താൽക്കാലിക കണക്കുകൾ)

(ഇ) 2003-2004 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ 1-4-2001 മുതൽ 31-3-2004 വരെ മൂലധന ചെലവുകൾക്കായി മാത്രം വിനിയോഗിച്ചത് 1,830.13 കോടി രൂപയാണ്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവും നികുതി വരുമാന വ്യതിയാനവും

2 [1134] ഡോ. തോമസ് ഐസക്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. കെ. സി. മമ്മത്കോയ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് സംസ്ഥാനത്തെ നികുതി വരുമാനത്തിൽ ഏതു തരത്തിലുള്ള വ്യതിയാനമാണ് വരുത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) വിലവർദ്ധനവുമൂലം സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ; എങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാന സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപ്പന നികുതി, പ്രവേശന നികുതി തുടങ്ങിയ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച മൊത്തം നികുതി വരുമാനം എത്ര കോടി രൂപയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇതേ കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് എത്ര തവണ വിലവർദ്ധനവുണ്ടായി;

(ഇ) ഏറ്റവും ഒടുവിലത്തെ വില വർദ്ധനവ് ഉൾപ്പെടെ ഓരോ വിലവർദ്ധന വിലൂടെയും സംസ്ഥാനത്തിന് ലഭിച്ച അധിക നികുതി വരുമാനം എത്ര വീതമാണെന്നും ശതമാനക്കണക്കിൽ അത് എത്രയാണെന്നും വ്യക്തമാക്കാമോ;

(എഫ്) മുൻവർഷത്തെ അടിസ്ഥാനമാക്കി ഇപ്പോഴത്തെ വിലവർദ്ധനവി ലൂടെ തന്നാണ്ടിൽ എത്ര തുക അധികം ലഭിക്കുമെന്നാണ് കരുതുന്നത്;

(ജി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ കഴിഞ്ഞ 5 സാമ്പത്തികവർഷത്തെ സംസ്ഥാനത്തെ ഉപഭോഗം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഓരോ വർഷവും ശരാശരി ഉപഭോഗത്തിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly